## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1669**

**05.12.2014-ലെ മറുപടിക്ക്**

### തനതു കാർഷിക വിളകളുടെ ആഗോള വിപണനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എൻ.എ. ഖാദർ | ശ്രീ. കെ.പി. മോഹനൻ<br>കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി. |
| **(എ)** സംസ്ഥാനത്തിന്റെ തനതു കാർഷിക വിളകൾ ആഗോള വിപണിയിലെത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്; | **(എ)** സംസ്ഥാനത്തിന്റെ തനതു കാർഷിക വിളകൾ ആഗോള വിപണിയിലെത്തിക്കുന്നതിന് സർക്കാർ പ്രത്യേകമായി പദ്ധതികളൊന്നും ഇതുവരെ ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ ഈ ലക്ഷ്യം മുൻനിറുത്തി കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കർഷകർ മുതൽ കാർഷികോൽപ്പന്ന കയറ്റുമതി മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ പ്രതിനിധികൾവരെയുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ആഗോള കാർഷിക സംഗമം (ഗ്ലോബൽ അഗ്രോ മീറ്റ്) 2014 നവംബർ 6, 7 എന്നീ തീയതികളിലായി അങ്കമാലിയിൽ വച്ച് നടത്തുകയുണ്ടായി. |
| **(ബി)** ഞവര നെല്ല്, വാഴക്കുളം പൈനാപ്പിൾ, പാലക്കാടൻ മട്ട, മലബാർ കുരുമുളക് എന്നീ രാജ്യാന്തര വിപണിയിൽ വിപണന സാദ്ധ്യതയുള്ള ഉൽപ്പന്നങ്ങൾ ആഗോള വിപണിയിലെത്തിയ്ക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണിയ്ക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | **(ബി)** അങ്കമാലിയിൽ വച്ച് 2014 നവംബർ 6, 7 തീയതികളിൽ നടന്ന ആഗോള കാർഷിക സംഗമത്തിൽ നീര, ഞവര അരി, വാഴക്കുളം പൈനാപ്പിൾ, പാലക്കാടൻ മട്ട, മലബാർ കുരുമുളക് എന്നീ ഉൽപ്പന്നങ്ങളുടെ വിപണന സാദ്ധ്യതകൾ സംരംഭകരുടെ മുന്നിൽ അവതരിപ്പിച്ചിരുന്നു. |

(...............2)

(സി) പോളിഹൌസ് ഫാർമിംഗ് പ്രോത്സാഹിപ്പിയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) പോളിഹൌസ് ഫാർമിംഗ് ഉൾപ്പടെയുള്ള ആധുനിക കാർഷിക സങ്കേതങ്ങൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതിനായി കൃഷി വകുപ്പ് 2012-13 സാമ്പത്തിക വർഷം മുതൽ ഹൈടെക് അഗ്രിക്കൾച്ചർ എന്ന പദ്ധതി നടപ്പിലാക്കി വരുകയാണ്. ഈ പദ്ധതിയനുസരിച്ച് അഞ്ച് സെന്റ് മുതൽ ഒരു ഏക്കർ വരെ വിസ്തീർണ്ണമുള്ള പോളിഹൌസ് നിർമ്മിച്ച് കൃഷി ചെയ്യുന്നതിന് ആകെ ചെലവിന്റെ 75% സബ്സിഡിയായി നൽകുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് മുതൽ മുടക്കിനാവശ്യമായ തുക നിലവിലെ വ്യവസ്ഥകളനുസരിച്ച് ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനുള്ള സേവനവും ലഭ്യമാക്കുന്നു. കേരളത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) മലബാർ മേഖല കേന്ദ്രീകരിച്ച് പോളിഹൌസ് ഫാർമിംഗ് മികവിന്റ കേന്ദ്രം ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിയ്ക്കുമോ; വിശദാംശം വ്യക്തമാക്കുമോ ?

(ഡി) മലബാർ മേഖല കേന്ദ്രീകരിച്ച് പോളിഹൌസ് ഫാർമിംഗ് മികവിന്റ കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

അണ്ടർ സെക്രട്ടറി.